# <u>കോവിഡ് സമയത്തെ കുടുംബശ്രീ സി ഡി എസ്</u>

## <u>കൊവിട് -19 കാല പ്രവർത്തനങ്ങൾ</u>

## ഇരട്ടയാർ സി ഡി എസ്

## കുടുംബശ്രീ ജില്ല മിഷൻ ഇടുക്കി

### <u>ആമുഖം</u>

ജില്ലാ -ഇടുക്കി
ബ്ലോക്ക്-കട്ടപ്പന
സിഡിഎസ് -ഇരട്ടയാർ
ആകെ എ ഡി എസ് -14
ആകെ അയൽക്കൂട്ടം-240
ആകെ അയൽക്കൂട്ട അംഗങ്ങൾ - 3120
ആകെ ജെ എൽ ജി-152
ആകെ ബാലസഭ-20
ആകെ ആശ്രയ കുടുംബങ്ങൾ-126
ആകെ സംരംഭം-27
ഡി ഡി യു ജി കെ വൈ പദ്ധതിയിൽ 2019 -2020 ൽ പഠിച്ചവർ -25
ആകെ വയോജന അയൽക്കൂട്ടം-27

കോവിഡ് കാലയളവിൽ ഇരട്ടയാർ സിഡിഎസ്ന്റെ ആഭിമുഖ്യത്തിൽ നടത്തിയ സാമൂഹിക പ്രവർത്തനങ്ങളുടെ വിവരങ്ങൾ:

**<u>ആശ്രയ കുടുംബാംഗങ്ങൾക് കിറ്റ് വിതരണം</u>**

ആശ്രയ കുടുംബാംഗങ്ങൾക് ലോക്ക് ഡൌൺ കാലത്തും ആശ്രയ കിറ്റുകൾ മുടക്കം വരുത്താതെ 126 കുടുംബത്തിലും എത്തിക്കുവാൻ ഗ്രാമപഞ്ചായത്തും,സിഡിഎസും ഒരുമിച്ച് നിന്നുകൊണ്ട് പ്രവർത്തിച്ചു .അതിനായി സിഡിഎസ് ചെയർപേഴ്സണും ,അക്കൗണ്ടന്റും പഞ്ചായത്ത് വാഹനത്തിൽ കിറ്റുകൾ എത്തിക്കാൻ മുൻപന്തിയിൽ പ്രവർത്തിച്ചു .ഈ പ്രവർത്തനങ്ങൾ ആശ്രയ കുടുംബത്തിന് കോവിഡ് കാലത്തു വലിയ കൈത്താങ്ങായി.




**<u>ആശ്രയ വയോജന ട്രാക്കിംഗ്</u>**

60 വയസിനു മുകളിൽ പ്രായം ഉള്ള ആശ്രയ കുടുംബാംഗങ്ങളെ കോവിഡ്-19 ലോക്ഡോൺ കാലത്തു ഫോണിൽ വിളിച്ചു ആഹാരം ,മരുന്ന് ,മറ്റു രോഗവിവരങ്ങൾ സിഡിഎസ് ന്റെ പ്രധിനിതി വിളിച്ചു അന്വേഷിക്കുകയും അവര്ക്ക് ആവശ്യമായ സേവനങ്ങൾ കമ്മ്യൂണിറ്റി കിച്ചൻ ,പി എച്ച്സി ഗ്രാമപഞ്ചായത് എന്നിവയുടെ സഹായത്തോടെ എത്തിച്ചുകൊടുക്കുകയും ചെയ്തു.മൂന്ന് ഘട്ടങ്ങളിലായി ഈ പ്രവര്ത്തനങ്ങള് ക്രിത്യമായി പൂര്ത്തികരിച്ചു . ഇതിലൂടെ ആശ്രയ കുടുംബത്തിലെ വയോജനങ്ങളുടെ ജീവിതത്തെ മനസിലാക്കാനും മറ്റൊരാളെ ആശ്രയിച്ചു കഴിയുന്ന ഇവർക്ക് കിട്ടേണ്ട സേവനങ്ങൾ ലഭ്യമാക്കാനും സാധിച്ചു.

## കമ്മ്യൂണിറ്റി കിച്ചൻ

കോവിഡ്-19 കാലത്തു ഒരു നേരത്തെ ആഹാരം പോലും കണ്ടെത്താൻ സാധിക്കാത്ത ആളുകളെ കണ്ടെത്തി അവർക്കായി ആഹാരം എത്തിച്ച മഹത്തായ പ്രവർത്തനമായിരുന്നു കമ്മ്യൂണിറ്റി കിച്ചൻ. ഇതിൽ ഇരട്ടയാർ സിഡിഎസ് ന്റെ പ്രവർത്തനം മികച്ചതായിരുന്നു.



ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ കമ്യൂണിറ്റി കിച്ചൺസാംസ്കാരിക നിലയത്തിൽ തുറക്കുകയും കുടുംബശ്രീ അംഗങ്ങൾ ആഹാരം പാചകം ചെയ്യുകയും വേണ്ട കുടുംബത്തിൽ എത്തിച്ചുകൊടുക്കുകയും ചെയ്തു.18 ദിവസം കമ്മ്യൂണിറ്റി കിച്ചനുവേണ്ടി അയൽക്കൂട്ട അംഗങ്ങൾ യത്നിച്ചു.

## ബാലസഭാ-പോസ്റ്റർ നിർമാണ മത്സരങ്ങൾ



ബാലസഭാ കുട്ടികൾക്കായുള്ള "കോവിഡ് യോദ്ധാക്കൾക് ആദരം അർപ്പിച്ചുകൊണ്ടുള്ളപോസ്റ്റർ നിർമാണ" മത്സരത്തിൽ പങ്കെടുക്കുകയും അഭിലാഷ് കെ ആർ എന്ന കുട്ടി ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

**കൊറോണ ലോക്ക് ഡൗൺ കാലം -വാട്ട്സ് അപ്പ്  അരങ്ങു മത്സരങ്ങൾ**

അയൽക്കൂട്ടങ്ങൾക്കും,വയോജനങ്ങൾക്കും,ബാലസഭാകുട്ടികൾക്കും വേണ്ടി നടത്തിയ കലാമത്സരങ്ങളിൽ വാട്ട്സ് അപ്പ് വഴി ഇരട്ടയാർ സിഡിഎസ് ൽ നിന്നും പങ്കെടുത്തു. കോവിഡ് കാലത്തു ഒറ്റപ്പെട്ടു കഴിഞ്ഞ ഓരോരുത്തർക്കും കലാവാസന പ്രകടിപ്പിക്കുക എന്നതിലുപരി തങ്ങളുടെ മാനസിക സമ്മർദം കുറക്കാനുള്ള ഒരു ഉപാധിയായിരുന്നു ഈ മത്സരം.

**മാസ്ക് നിർമാണം**

ഇരട്ടയാർ സിഡിഎസ്ന്റെ കീഴിലുള്ള 14 വാർഡിലും ഓരോ സംരംഭകരെ കണ്ടെത്തി മാസ്ക് നിർമാണ ചുമതല കൊടുക്കുകയും 14 വാർഡുകളിൽ നിന്നുമായി 17000 മാസ്കുകൾ നിർമിച്ചു പഞ്ചായത്തിനു കൈമാറി .ഇതിലൂടെ അയൽക്കൂട്ട അംഗങ്ങൾക് വരുമാനവും കണ്ടെത്തിക്കൊടുക്കുവാനായി ഇരട്ടയാർ സിഡിഎസ്ന്.







**റേഷൻ കിറ്റ് നിറക്കൽ**

ഏപ്രിൽ 10 മുതൽ മെയ് 16 വരെ റേഷൻ കിറ്റുകൾ നിറക്കാൻ എല്ലാ വാർഡിൽ നിന്നും അയൽക്കൂട്ട അംഗങ്ങൾ സാംസ്കാരിക നിലയത്തിൽ

എത്തുകയും കോവിഡ് പ്രോട്ടോകോൾ പ്രകാരം അകലം പാലിച്ചു അയൽക്കൂട്ട അംഗങ്ങൾ ഒത്തൊരുമിച്ചു പ്രവർത്തിച്ചു.







## <u>CMHLS വായ്പ പദ്ധതി</u>

കേരള സർക്കാരിന്റെ CMHLS വായ്പ പദ്ധതിയോട് അനുബന്ധിച്ചു213 അയൽക്കൂട്ടങ്ങളിൽ നിന്നായി ലഭിച്ച വായ്പ അപേക്ഷകൾ തുക എത്രയും വേഗം അനുവദിക്കുന്നതിലേക്കായി 12 ബാങ്കുകളിലായി സമർപ്പിച്ചു.

## <u>അടുക്കളതോട്ടം ചലഞ്ച്</u>

കോവിഡ് കാലത്തു പച്ചക്കറികളുടെ ദൗർലഭ്യംനികത്താൻ ഓരോ വീട്ടിലും വിഷരഹിത പച്ചക്കറികൾ സ്വന്തമായി വീട്ടിൽ വളർത്തിയെടുക്കാൻ ഓരോ അയൽക്കൂട്ട അംഗത്തെയും പ്രാപ്തമാക്കിക്കൊണ്ടുള്ള പദ്ധതിയാണ് അടുക്കളത്തോട്ടം ചാലൻജ് .

175 അയൽക്കൂട്ട അംഗങ്ങൾ അടുക്കളത്തോട്ടം ചലഞ്ചിനായി സിഡിഎസ്ൽ രജിസ്റ്റർ ചെയ്തു.പച്ചക്കറിത്തോട്ടം ഒരുക്കുവാൻ ഓരോ അംഗങ്ങളും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## വാട്സ് അപ് ഗ്രൂപ്പും അയൽക്കൂട്ട പ്രവർത്തനങ്ങളും

- ഭക്ഷ്യ സുരക്ഷ പദ്ധതിയോട് അനുബന്ധിച്ചു എല്ലാ അയൽക്കൂട്ടത്തിലും ഭക്ഷ്യ സുരക്ഷ സന്ദേശങ്ങൾ എത്തിക്കാൻ വാട്സപ്പ് ഗ്രൂപ്പ് വഴി സിഡിഎസ്നു സാധിച്ചു .
- ബാങ്ക് ലോൺ മൊറൊട്ടോറിയത്തെക്കുറിച്ചും ,ലോൺ അടക്കുന്നതിന്റെ മറ്റു നിർദേശങ്ങളും എല്ലാ NHG കളിലും എത്തിക്കാൻ സിഡിഎസ്നു സാധിച്ചു .
- അടുക്കളത്തോട്ടം ചാലൻജ് ,വായ്പ പദ്ധതി ,കോവിഡ് കാലത്തു പാലിക്കേണ്ട നിർദേശങ്ങൾ, കൊറോണ ലോക്ക് ഡൗൺ കാലം -വാട്ട്സ് അപ്പ് അരങ്ങു മത്സരങ്ങൾ എന്നിവയെല്ലാം വാട്സപ്പ് ഗ്രൂപ്പ് വഴി സിഡിഎസ്നു എല്ലാ NHG കളിലും എത്തിക്കാൻ സാധിച്ചു.

Submitted by,

Anjumol V S

Bc1 post 2

Kattappana Block,Idukki.

C D S Chairperson JANCY THOMAS-9656499617

Block co-ordinator ANJUMOL V S- 7558801868